## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1964** **18.06.2013-ൽ മറുപടിയ്ക്ക്**

## വൈദ്യുതി ഉപയോഗം

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വൈദ്യുതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ പ്രധാന ഉത്സവവേദികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രദർശനങ്ങൾ ഒരുക്കാറുണ്ട്. കൂടാതെ ഇവിടങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെണ്ടർ നോട്ടീസുകളിലും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ "കാര്യക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കു" വാനായി ജനങ്ങളോട് ആഹ്വാനം ചെയ്യാറുണ്ട്.

ഊർജ്ജസംരക്ഷണം ഏറ്റവും അനിവാര്യമാകുന്നത് ഫെബ്രുവരി മുതൽ മെയ് വരെ മാസങ്ങളിലാണ്. ഈ കാലയളവിൽ വൈദ്യുതി ബോർഡ് കഴിഞ്ഞ ചില വർഷങ്ങളിലായി മാധ്യമങ്ങൾ വഴി പരസ്യപ്രചാരണം നടത്തിവരുന്നുണ്ട്. 2013 ലെ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയുടെ ഭാഗമായി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പദ്ധതിക്ക് മാർച്ച് 23 ന് തുടക്കം കുറിച്ചു. ലാഭപ്രഭയുടെ ഭാഗമായി നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയും നടപ്പാക്കിയിരുന്നു. ലാഭപ്രഭ എന്ന

പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിച്ചു. ഇതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവയ്ക്കുകയാണ് ഉദ്ദേശം.

നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും 10 ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്തു. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ. റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവരുമായി സഹകരിച്ചാണ് ഇതു നടപ്പാക്കിയത്.

വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി 10% ഊർജ്ജ ഉപയോഗം കുറയ്ക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തെരുവ് വിളക്കുകൾ കൃത്യസമയത്ത് ഓൺ/ഓഫ് ചെയ്യാത്തത് മൂലം ഉണ്ടാകുന്ന ഊർജ്ജ നഷ്ടം ഒഴിവാക്കാനായി ഓട്ടോമാറ്റിക്കായി ഓൺ/ഓഫ് ആകുന്ന സംവിധാനമുള്ള മീറ്ററിംഗോട്ടു കൂടിയ തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിൽ മൺസൂൺ മഴയുടെ ദൗർലഭ്യം മൂലം ജലവൈദ്യുതോല്പാദനത്തിലുണ്ടായ കുറവും, കൂടംകുളം മുതലായ കേന്ദ്ര നിലയങ്ങൾ കമ്മീഷൻ ചെയ്യാൻ ഉണ്ടായ കാലതാമസം കാരണം കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവും, വൈദ്യുതി വ്യാപാരികളിൽ നിന്ന് കരാറിലേർപ്പെട്ട വൈദ്യുതി സംസ്ഥാനത്തിനു പുറമേ നിന്ന് കൊണ്ടു വരുന്നതിന് പ്രസരണ ശൃംഖല ( Transmission Corridor) യുടെ അഭാവം നിമിത്തം ഉണ്ടായ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. 27.09.2012 മുതൽ 17.04.2013 വരെ (എസ്.എസ്.എൽ.സി പരീക്ഷ കാലയളവ് ഒഴികെ) രാവിലെ 6 മണി മുതൽ 9 മണി വരെയും വൈകുന്നേരം 6.30 മുതൽ 10.30 വരെയും ½ മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

കൂടാതെ 18.04.2013 മുതൽ 11.06.2013 വരെ പകൽ സമയങ്ങളിൽ (രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ) ഒരു മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

18.04.2013 മുതൽ തുടർന്നു വന്നിരുന്ന രാത്രി കാലങ്ങളിലുള്ള ½ മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് 16.06.2013 ന് നിർത്തലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി ഉപയോഗത്തിൽ 25% നിയന്ത്രണവും ലോ ടെൻഷൻ വിഭാഗത്തിലുൾപ്പെടുന്ന LT.II, LT.IV, LT.VI (A), LT.VI (B), LT.VI (C), LT.VII (A), LT.VII (B), LT.VII (C) എന്നീ വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ 20% നിയന്ത്രണവും ഗാർഹിക ഉപഭോക്താക്കൾക്ക്, അവരുടെ ഉപഭോഗം രണ്ടു മാസത്തേയ്ക്ക് 600 യൂണിറ്റായി പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും നിയന്ത്രണ പരിധിക്കു മുകളിൽ വരുന്ന ഉപഭോഗത്തിന് എനർജി ചാർജ്ജ് കൂടി പെനാൽറ്റി ആയി ഈടാക്കിയിരുന്നു..

സെക്ഷൻ ഓഫീസർ.